**പതിനഞ്ചാം കേരള നിയമസഭ**

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2023-2026)

**നാലാമത് റിപ്പോർട്ട്**

(2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെ പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)

(2024 ജൂലൈ 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2024

# പതിനഞ്ചാം കേരള നിയമസഭ

## യുവജനക്ഷേമവും യുവജനകാര്യവും
## സംബന്ധിച്ച സമിതി
## (2023-2026)

നാലാമത് റിപ്പോർട്ട്

(2022 ജനവരി 1 മുതൽ 2022 ഡിസംബർ 31 വരെ പരിഗണിച്ച
വിഷയങ്ങൾ സംബന്ധിച്ച്)

(2024 ജൂലൈ 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

1031/2024.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 8 |

## സമിതിയുടെ ഘടന

അധ്യക്ഷൻ:

ശ്രീ. കെ. വി. സുമേഷ്, എം.എൽ.എ.

അംഗങ്ങൾ:

ശ്രീ. കെ. ആൻസലൻ, എം.എൽ.എ.

ശ്രീ. എം. എസ്. അരുൺ കുമാർ, എം.എൽ.എ.

ശ്രീമതി സി. കെ. ആശ, എം.എൽ.എ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

ശ്രീ. മുഹമ്മദ് മുഹസിൻ, എം.എൽ.എ.

ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.

ശ്രീ. കെ. എം. സച്ചിൻ ദേവ്, എം.എൽ.എ.

ശ്രീ. എം. വിജിൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എ. ജാഫർ ഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി.

## ആമുഖം

യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2023-2026)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2022 ജനവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി (2021-2023) - യുടെ പരിഗണനയിൽ വന്ന വിഷയങ്ങൾ സംബന്ധിച്ചും, വ്യക്തികളിൽ നിന്നും സംഘടനാ പ്രതിനിധികളിൽ നിന്നും ലഭിച്ച ഹർജികളിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

29-5-2024-ലെ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. വി. സുമേഷ്,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ജൂലൈ 2.

# റിപ്പോർട്ട്

യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 261(O) പ്രകാരം 31-7-2010-ന് രൂപീകൃതമായി. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 261(P)-യിൽ സമിതിയുടെ കർത്തവ്യങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 15-ാം കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി 2021 ജൂൺ 15-ന് രൂപീകൃതമായി.

2. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുക, വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും സമിതിക്ക് ലഭിക്കുന്ന പരാതികളും നിർദേശങ്ങളും പരിശോധിച്ച് പരിഹാര മാർഗങ്ങൾ നിർദേശിക്കുക, കേന്ദ്രാവിഷ്കൃത യുവജനക്ഷേമ പദ്ധതികളുടെ നടത്തിപ്പിന് നേതൃത്വം നൽകുക, യുവജനക്ഷേമ പദ്ധതികൾക്കായി അനുവദിക്കുന്ന സർക്കാർ ഫണ്ട് ശരിയായി വിനിയോഗിക്കുന്നുവെന്നുറപ്പുവരുത്തുക, യുവജനക്ഷേമ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള സ്വയംതൊഴിൽ പരിശീലന പദ്ധതികൾ, സമ്പൂർണ്ണ ശുചിത്വ പദ്ധതികൾ, കായിക സാംസ്കാരിക പദ്ധതികൾ, വിനോദസഞ്ചാര പദ്ധതികൾ, പൊതുവിദ്യാഭ്യാസ പദ്ധതികൾ എന്നിവയിൽ യുവജനപങ്കാളിത്തം മെച്ചപ്പെടുത്തുവാൻ നേതൃത്വം നൽകുക, യുവജനങ്ങളെയും, യുവജനക്ഷേമത്തെയും സംബന്ധിച്ച് സഭയിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിശോധിക്കുക, സഭയോ, സ്പീക്കറോ പ്രത്യേകം റഫർ ചെയ്യുന്ന വിഷയങ്ങളും സമിതിക്ക് ഉചിതമെന്ന് തോന്നുന്ന വിഷയങ്ങളും ഹർജിയായി പരിഗണിച്ച് നടപടി സ്വീകരിക്കുക തുടങ്ങിയവയാണ് യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ കർത്തവ്യങ്ങൾ.

3. സമിതിക്ക് ലഭിക്കുന്ന വിവിധ ഹർജികളിന്മേൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് പരാതി വിഷയം പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങളും ശിപാർശകളും സർക്കാരിന് നൽകുകയാണ് സമിതിയുടെ പ്രധാന ചുമതല. വിവിധ ഹർജികളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും റിപ്പോർട്ട് തൃപ്തികരമല്ലെങ്കിൽ അധികവിവരം ആവശ്യപ്പെടുകയും ആവശ്യമുള്ളപക്ഷം ഹർജിക്കാരിൽ നിന്നും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുക്കുകയും ചെയ്യുന്നു. കൂടാതെ സമിതിയുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രത്യേക വിഷയങ്ങളിൽ പഠനം നടത്തുകയും അതിന്റെ ഭാഗമായി സ്ഥലസന്ദർശനവും, തെളിവെടുപ്പും നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ നിർദേശങ്ങളും, ശിപാർശകളും ഉൾപ്പെടുത്തി റിപ്പോർട്ടുകൾ തയ്യാറാക്കി നിയമസഭയിൽ സമർപ്പിക്കുകയും ചെയ്യുന്നു.

4. ബഹു. സ്പീക്കർ നാമനിർദേശം ചെയ്യുന്ന ഒരു അധ്യക്ഷനും എട്ട് അംഗങ്ങളുമുൾപ്പെട്ടതാണ് സമിതിയുടെ ഘടന.

5. സമിതി അധ്യക്ഷനായിരുന്ന ശ്രീ. എ. എൻ. ഷംസീർ എം.എൽ.എ. 12-9-2022-ന് നിയമസഭാ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് ശ്രീ. ഡി. കെ. മുരളി എം.എൽ.എ.-യെ സമിതി അംഗമായും, ശ്രീ. കെ. വി. സുമേഷ് എം.എൽ.എ.-യെ സമിതി അധ്യക്ഷനായും ബഹു. സ്പീക്കർ നാമനിർദേശം ചെയ്തു.

6. 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിലെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2021-2023)-യുടെ പ്രവർത്തനങ്ങളുടെയും സമിതിയുടെ പരിഗണനയിൽ വന്ന വിഷയങ്ങളായ വിദ്യാഭ്യാസ വായ്പ, പി.എസ്.സി. നിയമനം തുടങ്ങി യുവജനങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് സമിതി മുമ്പാകെ ലഭിച്ച ഹർജികളിന്മേൽ ലഭ്യമായ സർക്കാർ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

7. സമിതി (2021-2023) 2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ 13 യോഗങ്ങൾ ചേരുകയുണ്ടായി. പ്രസ്തുത കാലയളവിൽ രണ്ട് റിപ്പോർട്ടുകളാണ് സമിതി സഭയിൽ സമർപ്പിച്ചിട്ടുള്ളത്.

8. 2021 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയിൽ വന്ന വിഷയങ്ങളും സമിതിയുടെ ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ സമിതി (2021-2023)-യുടെ രണ്ടാമത് റിപ്പോർട്ട് (ജനറൽ റിപ്പോർട്ട്) 2022 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചു.

9. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പഠനവിഷയമാക്കി സമിതി നടത്തിയ പഠനത്തിന്റെയും ഹർജിക്കാരിൽ നിന്ന് ലഭിച്ച പരാതികളിന്മേൽ നടത്തിയ തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ രൂപം കൊണ്ട നിർദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തി തയ്യാറാക്കിയ സമിതി (2014-2016)-യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി(2021-2023)-യുടെ മൂന്നാമത് റിപ്പോർട്ടായി 2022 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചു.

10. 2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിവിധ ഹർജി വിഷയങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ സമിതിയുടെ നിഗമനങ്ങളും നിർദേശങ്ങളും

ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്. റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച സർക്കാർ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

റിപ്പോർട്ട് കാലയളവിൽ സമിതിയുടെ ഇടപെടൽ മൂലം പരിഹരിക്കപ്പെട്ടതും/ പരിഹരിക്കുന്നതിന് വേണ്ടി സർക്കാർ തലത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നതും പ്രസക്തവുമായ ഹർജികൾ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

1. മകളുടെ പേരിലുള്ള വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. കെ. ഈപ്പൻ, പത്തനംതിട്ട സമർപ്പിച്ച ഹർജി

(ഫ. നം. 15645/വൈ.എ.സി13/2012/ലെജി.)

ഹർജിയിന്മേൽ ആസൂത്രണ സാമ്പത്തിക കാര്യ(എഫ്) വകുപ്പ് 13-8-2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജിക്കാരന്റെയും മകളുടെയും പേരിലുള്ള വിദ്യാഭ്യാസ വായ്പ ബാങ്കിന്റെ ഒത്തുതീർപ്പ് പദ്ധതി പ്രകാരം 27-6-2014-ന് തീർപ്പാക്കിയിട്ടുള്ളതായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ SME പത്തനംതിട്ട (മൈലപ്ര ശാഖ) മാനേജർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പരാമർശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 12-1-2022-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ് കാലാവധി ദീർഘിപ്പിക്കുകയും പലിശയിളവ് അനുവദിക്കുകയും ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. ജിനു വർഗീസ്, പന്തളം സമർപ്പിച്ച ഹർജി

(ഫ. നം. 17804/വൈ.എ.സി13/2012/ലെജി.)

ഹർജിയിന്മേൽ ആസൂത്രണ സാമ്പത്തിക കാര്യ(എഫ്) വകുപ്പ് 13-8-2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജിക്കാരന്റെ പേരിലുള്ള വിദ്യാഭ്യാസ വായ്പ ബാങ്കിന്റെ ഒത്തുതീർപ്പ് പദ്ധതി പ്രകാരം പലിശ ഇളവുകളോടെ 30-3-2015-ന് തീർപ്പാക്കിയിട്ടുള്ളതായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ലോക്കൽ ഹെഡ് ഓഫീസ് അസിസ്റ്റന്റ് ജനറൽ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പരാമർശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 12-1-2022-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. ജാമ്യം ആവശ്യമില്ലാത്ത വിദ്യാഭ്യാസ വായ്പയ്ക്ക് IBA മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി മറ്റൊരു വായ്പയ്ക്ക് ഈടായി നൽകിയ വീടിന്റെ ആധാരം ബാങ്ക് പിടിച്ചുവയ്ക്കുന്നത് സംബന്ധിച്ച് ശ്രീ. അജ്മൽ സി. വൈ., ആലപ്പുഴ സമർപ്പിച്ച ഹർജി

(ഫ. നം. 15408/വൈ.എ.സി11/2012/ലെജി.)

ഹർജിയിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ(എഫ്) വകുപ്പ് 17-11-2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജിക്കാരന്റെ പേരിലുള്ള വിദ്യാഭ്യാസ വായ്പ തീർപ്പാക്കിയിട്ടുണ്ടെന്നും, വായ്പയുമായി ബന്ധപ്പെട്ട എല്ലാ പ്രമാണങ്ങളും 4-4-2016-ന് ഹർജിക്കാരൻ കൈപ്പറ്റിയതായും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ആലപ്പുഴ ചീഫ് മാനേജർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പരാമർശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 19-1-2022-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ സബ്സിഡി അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീ. വി. ഡി. ജോസഫ്, എറണാകുളം സമർപ്പിച്ച ഹർജി

(ഫ. നം. 17631/വൈ.എ.സി1/2012/ലെജി.)

ഹർജിയിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ(എഫ്) വകുപ്പ് 9-8-2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജിക്കാരന്റെ പേരിലുള്ള വിദ്യാഭ്യാസ വായ്പ 2016-17-ലെ ബാങ്കിന്റെ പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 3-12-2016-ൽ തീർപ്പാക്കിയിട്ടുണ്ടെന്നും കുടിശ്ശികയുടെ 70% വരുന്ന തുക ബാങ്ക് ഇളവ് ചെയ്തു നൽകിയിട്ടുണ്ടെന്നും, വായ്പ തീർപ്പാക്കിയതായി 6-12-2016-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചതിനെത്തുടർന്ന് ടിയാൻ പരാതിയില്ലായെന്ന് 30-6-2021-ലെ കത്ത് മുഖേന ബാങ്കിനെ അറിയിച്ചിട്ടുള്ളതായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മൂഴിക്കുളം ശാഖാ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പരാമർശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 19-1-2022-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. നിയമന നടപടികൾ വേഗത്തിലാക്കി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി ഷീജാകുമാരി എൽ., തിരുവനന്തപുരം സമർപ്പിച്ച ഹർജി

(ഫ. നം. 20208/വൈ.എ.സി2/2014/ലെജി.)

ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ(ആർ) വകുപ്പ് 18-9-2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജിക്കാരിക്ക് കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 3-10-2016-ലെ ഉത്തരവ് പ്രകാരം ജി. എച്ച്. എസ്. രയരോം-ൽ എൽ.പി.എസ്.എ. തസ്തികയിൽ നിയമനം നൽകുകയും ടിയാൾ 17-10-2016-ന് ജോലിയിൽ പ്രവേശിക്കുകയും, 2020-21 വർഷത്തെ അന്തർജില്ലാ സ്ഥലം മാറ്റം ലഭിച്ച് നിലവിൽ തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്നതായും പരാമർശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 2-2-2022-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ഇടപെടൽ മൂലം ഹർജിക്കാരിക്ക് നിയമനം ലഭിച്ചതിൽ സമിതിക്ക് അതിയായ സന്തോഷമുണ്ട്.

6. ഹയർ സെക്കൻഡറി അധ്യാപക നിയമനം സംബന്ധിച്ച് ഹയർ സെക്കൻഡറി ഗസ്റ്റ് ലക്ചറേഴ്സ് സമിതി സമർപ്പിച്ച ഹർജി

(ഫ. നം. 20304/വൈ.എ.സി2/2014/ലെജി.)

ഹയർ സെക്കൻഡറി ഗസ്റ്റ് അധ്യാപകർക്ക് ദിവസ വേതനത്തിന് പകരം മാസശമ്പളം നൽകണമെന്ന് ഹർജിയിൽ പരാമർശിച്ചിരുന്നു.

ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ(യു) വകുപ്പ് 14-9-2015 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹയർ സെക്കൻഡറി സീനിയർ ഗസ്റ്റ് അധ്യാപകർക്ക് 600 രൂപയും ജൂനിയർ ഗസ്റ്റ് അധ്യാപകർക്ക് 500 രൂപയും ദിവസവേതനമായി നിശ്ചയിച്ചിട്ടുണ്ടെന്ന് പരാമർശിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി യോഗം ജൂനിയർ ഗസ്റ്റ് അധ്യാപകർക്ക് 10,000 രൂപയും സീനിയർ ഗസ്റ്റ് അധ്യാപകർക്ക് 12,000 രൂപയും പ്രതിമാസം മിനിമം വേതനം ലഭിക്കത്തക്ക വിധത്തിൽ വേതനം പരിഷ്കരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു.

പ്രസ്തുത ശിപാർശയിന്മേൽ പൊതുവിദ്യാഭ്യാസ(യു) വകുപ്പ് 8-4-2016 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹയർ സെക്കൻഡറി സീനിയർ ഗസ്റ്റ് അധ്യാപകർക്ക് 720 രൂപയും ജൂനിയർ ഗസ്റ്റ് അധ്യാപകർക്ക് 600 രൂപയും ദിവസവേതനമായി 1-12-2015 മുതൽ മുൻകാല പ്രാബല്യത്തോടെ നിശ്ചയിച്ചിട്ടുണ്ടെന്ന് പരാമർശിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി യോഗം മേല്പറഞ്ഞ പ്രതിദിന വേതനം യഥാക്രമം 1,000 രൂപ, 850 രൂപ എന്ന തരത്തിൽ വർദ്ധിപ്പിക്കണമെന്ന് ശിപാർശ ചെയ്തു.

പ്രസ്തുത ശിപാർശയിന്മേൽ പൊതുവിദ്യാഭ്യാസ(യു) വകുപ്പ് 1-10-2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ദിവസ വേതനാധ്യാപകരായ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ(ജൂനിയർ)-ന്റെ പ്രതിദിനവേതനം 1205 രൂപയും, പ്രതിമാസ പരിധി 32,535 രൂപയായും ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ(സീനിയർ)-ന്റെ പ്രതിദിന വേതനം 1,455 രൂപയും, പ്രതിമാസ പരിധി 39,285 രൂപയായും ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ടെന്ന് പരാമർശിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 2-2-2022-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ഇടപെടൽ മൂലം ഹയർ സെക്കൻഡറി ഗസ്റ്റ് അധ്യാപകരുടെ വേതനം വർദ്ധിപ്പിച്ചതിൽ സമിതിക്ക് അതിയായ സന്തോഷമുണ്ട്.

7. ജലവിഭവ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ(മെക്കാനിക്കൽ) തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. അരുൺ യു, ആലപ്പുഴ സമർപ്പിച്ച ഹർജി

(ഫ. നം. 21279/വൈ.എ.സി3/2020/ലെജി.)

ജലവിഭവ വകുപ്പിലെ ജലസേചന വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജിയിന്മേൽ ജലവിഭവ(എ) വകുപ്പ് 8-2-2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ മെക്കാനിക്കൽ വിഭാഗത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികകളിലേക്ക് അർഹതപ്പെട്ട പ്രൊമോഷൻ നൽകുന്നതിലേക്കായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുകയും സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തതായും, പ്രസ്തുത സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അസി. എഞ്ചിനീയർ (മെക്കാനിക്കൽ) തസ്തികയിൽ പ്രൊമോഷൻ വഴി ഉണ്ടായേക്കാവുന്ന പത്ത് ഒഴിവുകൾ ആന്റിസിപ്പേറ്റഡ് ആയി ഇ-വേക്കൻസി മുഖേന പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും തുടർന്ന് പ്രൊമോഷൻ ഉത്തരവ് ഇറങ്ങിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽവന്ന 10 ഒഴിവുകളിലേക്ക് പി.എസ്.സി-യിൽ നിന്ന് നിയമന ശിപാർശ ലഭിച്ച ഹർജിക്കാരൻ ഉൾപ്പെടെയുള്ള 10 പേർക്ക് നിയമനം നൽകുകയും ചെയ്തിട്ടുള്ളതായും പരാമർശിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 3-8-2022-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ഇടപെടൽ മൂലം ഹർജിക്കാരന് നിയമനം ലഭിച്ചതിൽ സമിതിക്ക് അതിയായ സന്തോഷമുണ്ട്.

8. സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനം നൽകണമെന്നാവശ്യപ്പെട്ട് ഡോ. ശ്രീരാജ് ഇ. ആർ., ഡോ. അൻസാരി എ. എന്നിവർ സമർപ്പിച്ച ഹർജി

(ഫ. നം. 20141/വൈ.എ.സി3/2020/ലെജി.)

ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര(ഉപദേശ സി) വകുപ്പ് 28-2-2022 തീയതിയിലെ കത്ത് മുഖേനയും, ആയുഷ് (എ) വകുപ്പ് 26-9-2022 തീയതിയിലെ കത്ത് മുഖേനയും ലഭ്യമാക്കിയ റിപ്പോർട്ടുകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, ഹർജിക്കാർക്ക് നിയമനം നൽകിയിട്ടുള്ളതായും പരാമർശിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 28-12-2022-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ഇടപെടൽ മൂലം ഹർജിക്കാർക്ക് നിയമനം ലഭിച്ചതിൽ സമിതിക്ക് അതിയായ സന്തോഷമുണ്ട്.

12. പി.എസ്.സി. മുഖേനയുള്ള നിയമനവുമായി ബന്ധപ്പെട്ട് സമിതിക്ക് ലഭിക്കുന്ന മിക്ക പരാതികളിലും റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്നതിന് മുൻപ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്നും, നിയമന നടപടികൾ സ്വീകരിക്കണമെന്നുമുള്ള ആവശ്യമാണ് ഹർജിക്കാർ പ്രാധാനമായും ഉന്നയിക്കുന്നത്. അത്തരം ഹർജികളിന്മേലുള്ള നടപടി റിപ്പോർട്ട് റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്നതിന് മുൻപ് സമിതിക്ക് ലഭ്യമാക്കുന്നതിൽ പല വകുപ്പുകളും വീഴ്ച വരുത്തുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ച് നാളുകൾക്ക് ശേഷം കാലാവധി അവസാനിച്ച റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ ചട്ടപ്രകാരം സാധ്യമല്ല എന്ന മറുപടി നൽകുന്നതിൽ പ്രസക്തിയില്ല. ഒരു റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ പ്രസ്തുത റാങ്ക് ലിസ്റ്റുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേലുള്ള നടപടി റിപ്പോർട്ട് പ്രസ്തുത റാങ്ക് ലിസ്റ്റ് അവസാനിക്കുന്നതിന് മുൻപ് തന്നെ സമിതിക്ക് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ ജാഗ്രത പുലർത്തേണ്ടതാണ്.

13. യുവജനങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളും നിവേദനങ്ങളും സമിതി സഗൗരവം പരിഗണിക്കുകയും അതിന്മേൽ ലഭിക്കുന്ന സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിനായി നിർദേശങ്ങളും ശിപാർശകളും സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്യുന്നു. സമിതിയുടെ ഇടപെടൽ മൂലം നിരവധി യുവജനങ്ങൾക്ക് പ്രയോജനം ലഭിച്ചതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു. സമിതിയുടെ സജീവ പരിഗണനയിലുള്ള വിവിധ വിഷയങ്ങളിന്മേൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ സമയബന്ധിതമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുമെന്നും അതുവഴി യുവജനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ കൂടുതൽ കാര്യക്ഷമമായി ഇടപ്പെട്ട് പരിഹാരം കാണുന്നതിന് സമിതിയ്ക്ക് സാധിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

കെ. വി. സുമേഷ്,
*അധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ജൂലൈ 2.

## അനുബന്ധം

## സർക്കാർ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകൾ

## ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

| | |
|---|---|
| 1 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ഗോഡ്സൺ സ്റ്റീഫൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 15273/വൈ.എ.സി2/2012/ലെജി.) |
| 2 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. വേണുഗോപാൽ, കാട്ടാക്കട സമർപ്പിച്ച ഹർജി<br>(ഫ. നം. 15333/വൈ.എ.സി2/2012/ലെജി.) |
| 3 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. അനന്തു എ. പ്രകാശ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 15344/വൈ.എ.സി2/2012/ലെജി.) |
| 4 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. വി. രഘുനാഥൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 15483/വൈ.എ.സി2/2012/ലെജി.) |
| 5 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി റീന ജാസ്മിൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 15494/വൈ.എ.സി2/2012/ലെജി.) |
| 6 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി ദീപാമോൾ, ഇടുക്കി സമർപ്പിച്ച ഹർജി<br>(ഫ. നം. 15714/വൈ.എ.സി2/2012/ലെജി.) |
| 7 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ധൻസിലാസ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 15719/വൈ.എ.സി2/2012/ലെജി.) |
| 8 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ജോർജ് സേവ്യർ, ആലപ്പുഴ സമർപ്പിച്ച ഹർജി<br>(ഫ. നം. 16367/വൈ.എ.സി2/2012/ലെജി.) |
| 9 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ബി. ശശി, കൊല്ലം സമർപ്പിച്ച ഹർജി<br>(ഫ. നം. 16479/വൈ.എ.സി2/2012/ലെജി.) |
| 10 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ദേവൻ വി. എസ്., തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 16481/വൈ.എ.സി2/2012/ലെജി.) |

| | |
|---|---|
| 11 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. പി. കെ. പുരുഷോത്തമൻ, ആലപ്പുഴ സമർപ്പിച്ച ഹർജി<br>(ഫ. നം. 16510/വൈ.എ.സി2/2012/ലെജി.) |
| 12 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. കെ. ജെ. സേവ്യർ, ആലപ്പുഴ സമർപ്പിച്ച ഹർജി<br>(ഫ. നം. 16614/വൈ.എ.സി2/2012/ലെജി.) |
| 13 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ഫിർദൗസ് എം. വർക്കല സമർപ്പിച്ച ഹർജി<br>(ഫ. നം. 16686/വൈ.എ.സി2/2012/ലെജി.) |
| 14 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. അലക്സാണ്ടർ സേവ്യർ, ആലപ്പുഴ സമർപ്പിച്ച ഹർജി<br>(ഫ. നം. 16725/വൈ.എ.സി2/2012/ലെജി.) |
| 15 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. സി. എൽ. ജോസഫ്, എറണാകുളം സമർപ്പിച്ച ഹർജി<br>(ഫ. നം. 16901/വൈ.എ.സി2/2012/ലെജി.) |
| 16 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. എ. പ്രഭാകരപ്പണിക്കർ, കൊല്ലം സമർപ്പിച്ച ഹർജി<br>(ഫ. നം. 17555/വൈ.എ.സി2/2012/ലെജി.) |
| 17 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ജേക്കബ്, ആലപ്പുഴ സമർപ്പിച്ച ഹർജി<br>(ഫ. നം. 15409/വൈ.എ.സി1/2012/ലെജി.) |
| 18 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി ആശ അൽഫോൺസ് അഗസ്റ്റിൻ, കോട്ടയം സമർപ്പിച്ച ഹർജി<br>(ഫ. നം. 15472/വൈ.എ.സി1/2012/ലെജി.) |
| 19 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി ദീനാമ്മ ജോൺ, കൊല്ലം സമർപ്പിച്ച ഹർജി<br>(ഫ. നം. 15474/വൈ.എ.സി1/2012/ലെജി.) |
| 20 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി ശ്രീലേഖ കെ.ജെ., മാവേലിക്കര സമർപ്പിച്ച ഹർജി<br>(ഫ. നം. 15482/വൈ.എ.സി1/2012/ലെജി.) |
| 21 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. പ്രേമരാജൻ എ.വി., തൃശ്ശൂർ സമർപ്പിച്ച ഹർജി<br>(ഫ. നം. 15506/വൈ.എ.സി1/2012/ലെജി.) |
| 22 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ശശിധരൻ ആചാരി, എറണാകുളം സമർപ്പിച്ച ഹർജി<br>(ഫ. നം. 15522/വൈ.എ.സി1/2012/ലെജി.) |

| | |
|---|---|
| 23 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. റ്റി. എസ്. സെൽവരാജ്, ചെങ്ങന്നൂർ സമർപ്പിച്ച ഹർജി<br>(ഫ. നം. 15550/വൈ.എ.സി1/2012/ലെജി.) |
| 24 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി സിജോ ജോസഫ്, കൊല്ലം സമർപ്പിച്ച ഹർജി<br>(ഫ. നം. 15556/വൈ.എ.സി1/2012/ലെജി.) |
| 25 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി സുജാത യേശുദാസ്, കൊല്ലം സമർപ്പിച്ച ഹർജി<br>(ഫ. നം. 15561/വൈ.എ.സി1/2012/ലെജി.) |
| 26 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ടി. എം. പ്രസാദ്, കൊല്ലം സമർപ്പിച്ച ഹർജി<br>(ഫ. നം. 15582/വൈ.എ.സി1/2012/ലെജി.) |
| 27 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ജനാർദ്ദനൻ നായർ, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 15639/വൈ.എ.സി1/2012/ലെജി.) |
| 28 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി ആഷ്‌ലി എൽദോസ്, കോതമംഗലം സമർപ്പിച്ച ഹർജി<br>(ഫ. നം. 15702/വൈ.എ.സി1/2012/ലെജി.) |
| 29 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ഡി. ധർമ്മദാസ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 15927/വൈ.എ.സി1/2012/ലെജി.) |
| 30 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. സൂരജ് വി. ജി. മുട്ടയ്ക്കാട് സമർപ്പിച്ച ഹർജി<br>(ഫ. നം. 16039/വൈ.എ.സി1/2012/ലെജി.) |
| 31 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ജിബിൻ വൈ. ജോർജ്, കുളക്കട സമർപ്പിച്ച ഹർജി<br>(ഫ. നം. 16539/വൈ.എ.സി1/2012/ലെജി.) |
| 32 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. പി. വി. പൗലോസ്, എറണാകുളം സമർപ്പിച്ച ഹർജി<br>(ഫ. നം. 16675/വൈ.എ.സി1/2012/ലെജി.) |
| 33 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി ഓമനക്കുട്ടി, കൊല്ലം സമർപ്പിച്ച ഹർജി<br>(ഫ. നം. 17644/വൈ.എ.സി1/2012/ലെജി.) |
| 34 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ശിവരാജൻ ജി., കൊല്ലം സമർപ്പിച്ച ഹർജി<br>(ഫ. നം. 17645/വൈ.എ.സി1/2012/ലെജി.) |
| 35 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി വിജയകമാരി, കൊല്ലം സമർപ്പിച്ച ഹർജി<br>(ഫ. നം. 17826/വൈ.എ.സി1/2012/ലെജി.) |

| | |
|---|---|
| 36 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ജേക്കബ് ആന്റണി, ആലപ്പുഴ സമർപ്പിച്ച ഹർജി<br>(ഫ. നം. 18408/വൈ.എ.സി1/2012/ലെജി.) |
| 37 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ശശിധരൻ, വർക്കല സമർപ്പിച്ച ഹർജി<br>(ഫ. നം. 21693/വൈ.എ.സി1/2012/ലെജി.) |
| 38 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി എൽസമ്മ ദേവസ്യ, ആലപ്പുഴ സമർപ്പിച്ച ഹർജി<br>(ഫ. നം. 14632/വൈ.എ.സി1/2015/ലെജി.) |
| 39 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. വിജയകുമാർ ബി. പി., തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 15300/വൈ.എ.സി3/2012/ലെജി.) |
| 40 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ഔസേപ്പ് ബഞ്ചമിൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 15477/വൈ.എ.സി3/2012/ലെജി.) |
| 41 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി സൂസമ്മ ജോർജ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 15484/വൈ.എ.സി3/2012/ലെജി.) |
| 42 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി സിഞ്ചു പി. ടി., പെരുമ്പാവൂർ സമർപ്പിച്ച ഹർജി<br>(ഫ. നം. 15533/വൈ.എ.സി3/2012/ലെജി.) |
| 43 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. തോമസ് മാത്യു, പത്തനംതിട്ട സമർപ്പിച്ച ഹർജി<br>(ഫ. നം. 15541/വൈ.എ.സി3/2012/ലെജി.) |
| 44 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. എം. തോമസ്, ഇടുക്കി സമർപ്പിച്ച ഹർജി<br>(ഫ. നം. 15547/വൈ.എ.സി3/2012/ലെജി.) |
| 45 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. വർഗീസ് പാണാട്ടിൽ, തൃശ്ശൂർ സമർപ്പിച്ച ഹർജി<br>(ഫ. നം. 15557/വൈ.എ.സി3/2012/ലെജി.) |
| 46 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ചെല്ലപ്പൻ ടി. പി., റാന്നി സമർപ്പിച്ച ഹർജി<br>(ഫ. നം. 15571/വൈ.എ.സി3/2012/ലെജി.) |
| 47 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി ജിജിറാണി, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 15575/വൈ.എ.സി3/2012/ലെജി.) |

| | |
|---|---|
| 48 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ആർ. കൃഷ്ണകുമാർ, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 15581/വൈ.എ.സി3/2012/ലെജി.) |
| 49 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ഇജാസ് കുന്നമ്മൽ, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 15636/വൈ.എ.സി3/2012/ലെജി.) |
| 50 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. റെജിൻ ആർ., കൊല്ലം സമർപ്പിച്ച ഹർജി<br>(ഫ. നം. 15662/വൈ.എ.സി3/2012/ലെജി.) |
| 51 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. രാജേഷ് കുമാർ, തൃശ്ശൂർ സമർപ്പിച്ച ഹർജി<br>(ഫ. നം. 15982/വൈ.എ.സി3/2012/ലെജി.) |
| 52 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ഡി. സെബാസ്റ്റ്യൻ, ആലപ്പുഴ, സമർപ്പിച്ച ഹർജി<br>(ഫ. നം. 15999/വൈ.എ.സി3/2012/ലെജി.) |
| 53 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ശ്രീജിത്ത് എം., കോട്ടയം സമർപ്പിച്ച ഹർജി<br>(ഫ. നം. 16173/വൈ.എ.സി3/2012/ലെജി.) |
| 54 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. പി.ബി. സേവ്യർ, ആലപ്പുഴ സമർപ്പിച്ച ഹർജി<br>(ഫ. നം. 16338/വൈ.എ.സി3/2012/ലെജി.) |
| 55 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. വി. ജെ. ജോസഫ്, ആലപ്പുഴ സമർപ്പിച്ച ഹർജി<br>(ഫ. നം. 16361/വൈ.എ.സി3/2012/ലെജി.) |
| 56 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. പി. വി. വിദ്യാധരൻ, ആലപ്പുഴ സമർപ്പിച്ച ഹർജി<br>(ഫ. നം. 16366/വൈ.എ.സി3/2012/ലെജി.) |
| 57 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി അന്നമ്മ മാത്യു, ആലപ്പുഴ സമർപ്പിച്ച ഹർജി<br>(ഫ. നം. 16592/വൈ.എ.സി3/2012/ലെജി.) |
| 58 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. അയ്യപ്പൻ പിള്ള, കൊല്ലം സമർപ്പിച്ച ഹർജി<br>(ഫ. നം. 18359/വൈ.എ.സി3/2012/ലെജി.) |
| 59 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി ദീപാ വർഗീസ്, പെരുമ്പാവൂർ സമർപ്പിച്ച ഹർജി<br>(ഫ. നം. 19336/വൈ.എ.സി3/2012/ലെജി.) |

| | |
|---|---|
| 60 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. പയസ് ഐസക്ക്, കോട്ടയം സമർപ്പിച്ച ഹർജി<br>(ഫ. നം. 20011/വൈ.എ.സി3/2012/ലെജി.) |
| 61 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. മാത്യു ആന്റണി, ആലപ്പുഴ സമർപ്പിച്ച ഹർജി<br>(ഫ. നം. 20436/വൈ.എ.സി3/2012/ലെജി.) |
| 62 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. സുഗേഷ്, വട്ടവിള, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 22174/വൈ.എ.സി3/2012/ലെജി.) |

**തൊഴിലും നൈപുണ്യവും വകുപ്പ്**

| | |
|---|---|
| 1 | അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ. ശ്രീജിത്ത് കെ. എം., തൃശ്ശൂർ സമർപ്പിച്ച ഹർജി<br>(ഫ. നം. 16616/വൈ.എ.സി2/2017/ലെജി.) |
| 2 | ജൂനിയർ ഇൻസ്ട്രക്ടർ(കോസ്റ്റ്യൂം ഡിസൈനിംഗ് & ഡ്രസ്സ് മേക്കിംഗ്) തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീമതി അഞ്ജന, നെയ്യാറ്റിൻകര സമർപ്പിച്ച ഹർജി<br>(ഫ. നം. 21542/വൈ.എ.സി1/2020/ലെജി.) |

**ആഭ്യന്തര വകുപ്പ്**

| | |
|---|---|
| 1 | സിവിൽ പോലീസ് ഓഫീസർ നിയമനം വൈകുന്നത് സംബന്ധിച്ച് ശ്രീ. രോഹിത്ത്, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 25786/വൈ.എ.സി2/2019/ലെജി.) |
| 2 | ഇന്ത്യൻ റിസർവ് ബറ്റാലിയൻ റെഗുലർ വിംഗ് പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ. നിതിൻ എം. നായർ, തിരുവനന്തപുരം സമർപ്പിച്ച ഹർജി<br>(ഫ. നം. 20173/വൈ.എ.സി2/2020/ലെജി.) |
| 3 | മലപ്പുറം ജില്ലയിലെ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ. കൃഷ്ണചന്ദ്രൻ എ., കോഴിക്കോട് സമർപ്പിച്ച ഹർജി<br>(ഫ. നം. 20395/വൈ.എ.സി2/2020/ലെജി.) |
| 4 | വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ നിയമനം സംബന്ധിച്ച് ശ്രീമതി മഹേശ്വരി എം. ശ്രീമതി രാജി പി. ആർ., തിരുവനന്തപുരം എന്നിവർ സമർപ്പിച്ച ഹർജി<br>(ഫ. നം. 22622/വൈ.എ.സി1/2020/ലെജി.) |

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്**

| | |
|---|---|
| 1 | സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം സംബന്ധിച്ച് ശ്രീ. അഭിലാഷ്, പാലക്കാട് സമർപ്പിച്ച ഹർജി<br>(ഫ. നം. 19832/വൈ.എ.സി2/2020/ലെജി.) |
| 2 | വയനാട് ജില്ലയിലെ പട്ടികവർഗ യുവജനങ്ങൾക്ക് വേണ്ടി WETTCOS സമർപ്പിച്ച ഹർജി<br>(ഫ. നം. 25020/വൈ.എ.സി1/2017/ലെജി.) |

**വനം വന്യജീവി വകുപ്പ്**

| | |
|---|---|
| | റിസർവ് വാച്ചർ തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ. സുമേഷ് ടി. പി. ശ്രീ ഉബൈദ് എച്ച്., കൊല്ലം എന്നിവർ സമർപ്പിച്ച ഹർജി<br>(ഫ. നം. 20022/വൈ.എ.സി2/2020/ലെജി.) |

**മത്സ്യബന്ധന തുറമുഖ വകുപ്പ്**

| | |
|---|---|
| | തുറമുഖ വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ. അലക്സ് ജി. തോമസ്, കൊല്ലം സമർപ്പിച്ച ഹർജി<br>(ഫ. നം. 20368/വൈ.എ.സി2/2020/ലെജി.) |

**സഹകരണ വകുപ്പ്**

| | |
|---|---|
| | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീമതി അജിത ജോൺ തെക്കേക്കര സമർപ്പിച്ച ഹർജി<br>(ഫ. നം. 20698/വൈ.എ.സി2/2020/ലെജി.) |

**ഗതാഗത വകുപ്പ്**

| | |
|---|---|
| | കെ.എസ്.ആർ.ടി.സി. വർക്ക് അസിസ്റ്റന്റ് / മെക്കാനിക്ക് തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ. ഷാജി മാത്യു, ഇടുക്കി സമർപ്പിച്ച ഹർജി<br>(ഫ. നം. 20827/വൈ.എ.സി2/2020/ലെജി.) |

**വ്യവസായ വകുപ്പ്**

| | |
|---|---|
| | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിലേക്കുള്ള നിയമന ശിപാർശയിലെ ക്രമക്കേട് സംബന്ധിച്ച് ശ്രീ. എം. സെബാസ്റ്റ്യൻ, ആലപ്പുഴ സമർപ്പിച്ച ഹർജി<br>(ഫ. നം. 25566/വൈ.എ.സി1/2019/ലെജി.) |

**സാമൂഹ്യനീതി വകുപ്പ്**

| | |
|---|---|
| | അംഗനവാടി വർക്കർമാരിൽ നിന്നും ICDS സൂപ്പർവൈസർ തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ച് ശ്രീമതി ശ്യാമള പി., കണ്ണൂർ സമർപ്പിച്ച ഹർജി<br>(ഫ. നം. 20839/വൈ.എ.സി1/2020/ലെജി.) |

### ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

| | |
|---|---|
| 1 | ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. രാഹുൽ ബി. എസ്., തിരുവനന്തപുരം സമർപ്പിച്ച ഹർജി (ഫ. നം. 20846/വൈ.എ.സി1/2020/ലെജി.) |
| 2 | ആരോഗ്യ വകുപ്പിലെ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീമതി മഞ്ജു. ആർ., പത്തനംതിട്ട സമർപ്പിച്ച ഹർജി (ഫ. നം. 19850/വൈ.എ.സി3/2020/ലെജി.) |

### കായിക യുവജനകാര്യ വകുപ്പ്

| | |
|---|---|
| 1 | പഞ്ചായത്ത്, ജില്ല, സംസ്ഥാനതല കേരളോത്സവത്തിന്റെ സംഘാടനവും അനുബന്ധ പ്രവർത്തനങ്ങളും സംബന്ധിച്ച് (ഫ. നം. 17703/വൈ.എ.സി3/2011/ലെജി.) |
| 2 | വയനാട് ജില്ലയിലെ അന്ധരായ യുവജനങ്ങളുടെ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. കൃഷ്ണൻ എം, വയനാട് സമർപ്പിച്ച ഹർജി (ഫ. നം. 25019/വൈ.എ.സി3/2017/ലെജി.) |

### ഉന്നത വിദ്യാഭ്യാസ വകുപ്പ്

| | |
|---|---|
| | വിദൂര വിദ്യാഭ്യാസം വഴി നേടിയ യോഗ്യത പി.എസ്.സി. അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. ഷിബു കെ., എറണാകുളം സമർപ്പിച്ച ഹർജി (ഫ. നം. 21456/വൈ.എ.സി3/2014/ലെജി.) |

### പൊതുഭരണ വകുപ്പ്

| | |
|---|---|
| | ഓഫീസ് അറ്റൻഡന്റുമാരുടെ ബൈ-ട്രാൻസ്ഫർ പ്രൊമോഷൻ തസ്തികകൾ നിർത്തലാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി കാഞ്ചന വി. കെ., തിരുവനന്തപുരം സമർപ്പിച്ച ഹർജി (ഫ. നം. 14787/വൈ.എ.സി3/2020/ലെജി.) |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.